കേരള ട്രാൻസ്പോർട്ട് ഡവലപ്പ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്
ട്രാൻസ് ടവ്വേഴ്സ്, ആറാം നില, വഴുതക്കാട്, തിരുവനന്തപുരം.
ഫോൺ:**0471-2327881, 2326883, web: www.ktdfc.com**



## കട/ഓഫീസ് സ്ഥലം വാടകയ്ക്ക്

കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കെ.റ്റി.ഡി.എഫ്.സി. ബി.ഒ.റ്റി അടിസ്ഥാനത്തിൽ നിർമ്മിച്ച തമ്പാനൂർ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിൽ ഒഴിവുള്ള സ്പേയ്സ് ഓഫീസ്/വാണിജ്യ ആവശ്യങ്ങൾക്കായി പ്രതിമാസ വാടക വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് വാടകയ്ക്ക് എടുക്കുന്നതിന് താൽപര്യമുള്ളവരിൽ നിന്നും സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. നിർദ്ദിഷ്ട ഫോറത്തിലുള്ള ക്വട്ടേഷനുകൾ **2025 ഫെബ്രുവരി മാസം 17-ാം തീയതി വൈകുന്നേരം 3 മണിക്ക്** മുമ്പായി താഴെ പറയുന്ന പ്രകാരം നിരതദ്രവ്യമുൾപ്പെടെ വഴുതയ്ക്കാടുള്ള കെ.റ്റി.ഡി.എഫ്.സി.യുടെ ഹെഡ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

പ്രസ്തുത കടമുറികളുടെ ലേലം **2025 ഫെബ്രുവരി മാസം 20-ാം തീയതി രാവിലെ 11.30** മണിമുതൽ കെ.റ്റി.ഡി.എഫ്.സി.യുടെ ഹെഡ് ഓഫീസിൽ വച്ച് നടത്തുന്നതും ലേലത്തിന് ശേഷം സീൽ ചെയ്ത ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളവർ അന്നേ ദിവസം 11.30 മണിയ്ക്ക് മുമ്പായി കെ.റ്റി.ഡി.എഫ്.സി.യുടെ ഹെഡ് ഓഫീസിൽ ഹാജരാകേണ്ടതാണ്. താൽപര്യമുള്ളവർക്ക് നിർദ്ദിഷ്ട നിരതദ്രവ്യം (EMD) അടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. നിരതദ്രവ്യം RTGS/NEFT/Account transfer മുഖേന കെ.റ്റി.ഡി.എഫ്.സിയുടെ 67225827664 (SBI puthenchanthai, IFSC Code-SBIN0070026) എന്ന ബാങ്ക് അക്കൗണ്ട് നമ്പറിലേക്കാണ് ഒടുക്കേണ്ടത്. ലേലത്തിലും ക്വട്ടേഷനിലും പങ്കെടുക്കുന്നവർ പ്രത്യേകം നിരതദ്രവ്യം ഒടുക്കേണ്ടതാണ്. ഒരു കടയുടെ ലേലത്തിൽ പങ്കെടുക്കുന്നതിനായി EMD ഒടുക്കുന്നവർക്ക് ടി കട മുറി ലേലത്തിൽ പിടിക്കാൻ കഴിഞ്ഞില്ലെങ്കിൽ ടി EMD ഉപയോഗിച്ച് മറ്റ് കടമുറികളുടെ ലേലത്തിലും പങ്കെടുക്കാവുന്നതാണ്. എന്തെങ്കിലും കാരണത്താൽ ക്വട്ടേഷൻ/ലേല ദിവസം പൊതു അവധിയാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്ത് ക്വട്ടേഷൻ/ലേലം നടത്തുന്നതായിരിക്കും. മാസ വാടകയിൻമേലാണ് ലേലം നടത്തുന്നത്. ലേലത്തിലും ക്വട്ടേഷനിലും കൂടുതൽ തുക ഏതാണ് എന്ന് പരിശോധിച്ചതിന് ശേഷം വാടകക്കാരനെ നിശ്ചയിക്കുന്നതായിരിക്കും. ക്വട്ടേഷൻ സമർപ്പിക്കുന്നവർ ഏത് കട മുറിയ്ക്കാണ് ക്വട്ടേഷൻ സമർപ്പിക്കുന്നത് എന്ന വിവരം ക്വട്ടേഷൻ കവറിനു പുറത്ത് നിർബന്ധമായും

രേഖപ്പെടുത്തേണ്ടതാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ് കചട്ടേഷൻ/ലേല വ്യവസ്ഥകൾ പ്രകാരം ഒറ്റ തവണയായി അടയ്ക്കേണ്ടതാണ്.

| കടമുറി നമ്പർ | വിസ്തീർണ്ണം ചതുരശ്ര അടി | മിനിമം സെക്യൂരിറ്റി ഡെപ്പോസിറ്റ് | പ്രതിമാസ വാടക | നിരതദ്രവ്യം | അപേക്ഷ ഫോറം/ലഘു ലേഖയുടെ വില |
|---|---|---|---|---|---|
| ***BASEMENT FLOOR*** | | | | | |
| B1 | 159.79 | 86,292 | Rs.4,794+10% Common facility charge +GST | Rs.25,000 | Rs.2000+GST |
| B2 | 160.86 | 86,868 | Rs.4,826+10% Common facility charge +GST | Rs.25,000 | Rs.2000+GST |
| B3 | 157.10 | 84,834 | Rs.4,713+10% Common facility charge +GST | Rs.25,000 | Rs.2000+GST |
| B4 | 159.25 | 86,004 | Rs.4,778+10% Common facility charge +GST | Rs.25,000 | Rs.2000+GST |
| B5 | 146.87 | 79,308 | Rs.4,406+10% Common facility charge +GST | Rs.25,000 | Rs.2000+GST |
| B7 | 921.16 | 4,97,430 | Rs.27,635+10% Common facility charge +GST | Rs.50,000 | Rs.2000+GST |
| B8 | 921.16 | 4,97,430 | Rs.27,635+10% Common facility charge +GST | Rs.50,000 | Rs.2000+GST |
| B9 | 138.70 | 74,898 | Rs.4,161+10% Common facility charge +GST | Rs.25,000 | Rs.2000+GST |
| B10 | 146.87 | 79,308 | Rs.4,406+10% Common facility charge +GST | Rs.25,000 | Rs.2000+GST |
| B12 | 157.10 | 84,834 | Rs.4,713+10% Common facility charge +GST | Rs.25,000 | Rs.2000+GST |
| B13 | 160.86 | 86,868 | Rs.4,826+10% Common facility charge +GST | Rs.25,000 | Rs.2000+GST |

| | | | | | |
|---|---|---|---|---|---|
| B14 | 200.67 | 1,08,360 | Rs.6,020+10% Common facility charge +GST | Rs.25,000 | Rs.2000+GST |
| B27 | 278.36 | 1,50,318 | Rs.8,351+10% Common facility charge +GST | Rs.25,000 | Rs.2000+GST |
| ***FIRST FLOOR*** | | | | | |
| ***EIGHTH FLOOR (*Office / Educational Purpose Only )*** | | | | | |
| X1-X2 | 3000 sq.ft | 10,80,000/- | Rs.60,000+10% Common facility charge +GST | Rs.1,00,000/- | Rs.2000+GST |
| *Note : Vacant space on 8th floors can be used for office purpose only | | | | | |

ഏതൊരു ക്വട്ടേഷൻ/ലേല നടപടിയും കാരണം കൂടാതെ റദ്ദ് ചെയ്യുന്നതിന് കെ.റ്റി.ഡി.എഫ്.സിയുടെ മാനേജിംഗ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് കെ.റ്റി.ഡി.എഫ്.സി. യുടെ ഹെഡ് ഓഫീസുമായോ, തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിലെ മെയിൻറ്നൻസ് ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ് (sd/-)

തീയതി: 04.02.2025 **പ്രിൻസിപ്പൽ പ്രോജക്ട് കൺസൽട്ടൻറ്**

കെ.റ്റി.ഡി.എഫ്.സി

പകർപ്പ്:-1.കെ.റ്റി.ഡി.എഫ്.സി.യുടെ വെബ്സൈറ്റ്
2.നോട്ടീസ് ബോർഡ്, കെ.റ്റി.ഡി.എ.ഫ്സി ഹെഡ് ഓഫീസ്
3.നോട്ടീസ് ബോർഡ്, കെ.റ്റി.ഡി.എഫ്.സി, തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സ്